പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *159 05.12.2018-ൽ മറുപടിയ്ക്ക്

## കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം.കെ.മുനീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | (എ) 2017 ആഗസ്റ്റ് മാസം കേന്ദ്രസർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. |
| (ബി) ഇതിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാകുമെന്ന് അറിയിക്കുമോ; | (ബി) പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർ |

നടപടികളെക്കുറിച്ച് തീരുമാനം എടുക്കുകയും ചെയ്യുന്നതാണ്.

**(സി)** ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**(സി)** പദ്ധതി റിപ്പോർട്ടുകൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ